147370/2019/INWARD EXCISE

COMMISSIONERATE OF EXCISE
0 2 2019
RECEIVED

6

**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്**

**പരിപത്രം**

നം.ഉപ.സി.3/141/2017/ഉഭപവ തിരുവനന്തപുരം, തീയതി: 18.07.2019

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ് - നിയമനാധികാരികൾ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ e vacancy software സംവിധാനത്തിലൂടെ അറിയിക്കുന്നത് - കാലാവധി ദീർഘിപ്പിച്ച് നൽകുന്നത്- സംബന്ധിച്ച്.

സൂചന:-
1) 20.12.2017 -ലെ ഉപസി3/141/2017/ഉഭപവ നമ്പർ പരിപത്രം.
2) 01.06.2018-ലെ ഉപസി3/141/2017/ഉഭപവ നമ്പർ പരിപത്രം.
3) 30.10.2018-ലെ ഉപസി3/141/2017/ഉഭപവ നമ്പർ പരിപത്രം.
4) 18.01.2019-ലെ ഉപസി3/141/2017/ഉഭപവ നമ്പർ പരിപത്രം.
5) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 20.06.2019-ലെ R& A IV(2)50001/18-KPSC നം.കത്ത്.

സൂചന (1) പരിപത്രം പ്രകാരം വകുപ്പ മേധാവികളും/നിയമനാധികാരികളും പി.എസ്.സി മുഖേന നികത്തേണ്ട ഒഴിവുകൾ 01.01.2018 മുതൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ e vacancy software മുഖേന മാത്രം പി.എസ്.സിയെ അറിയിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത പരിപത്രം പ്രകാരം ഒഴിവുകൾ e vacancy software മുഖേന റിപ്പോർട്ട് ചെയ്യേണ്ട രീതി സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2. എല്ലാ വകുപ്പുകളും e vacancy software സംവിധാനത്തിലൂടെ ഒഴിവുകൾ അറിയിക്കുവാൻ സജ്ജരാകാത്ത സാഹചര്യത്തിൽ വിവിധ വകുപ്പ്/സ്ഥാപനങ്ങളിൽ നിന്നും കേരള പി.എസ്.സി യിലേക്ക് നിലവിലുള്ള രീതിയിൽ (Tappal/E-mail/E-vacancy) ഒഴിവുകൾ സ്വീകരിക്കുന്ന തീയതി 30.09.2018 വരെയും, തുടർന്ന് ഒഴിവുകൾ e vacancy software സംവിധാനത്തിലൂടെ റിപ്പോർട്ട് ചെയ്യുമ്പോൾ ഡിജിറ്റൽ ഒപ്പ് ഉപയോഗിക്കണമെന്ന വ്യവസ്ഥയിൽ മാറ്റം വരുത്തി അതിനു പകരം OTP (One Time Password) സംവിധാനം ഉപയോഗിച്ച് കൊണ്ട് ഒരു ഏകജാലക സംവിധാനമെന്ന രീതിയിൽ പരിഷ്കരിക്കുവാൻ കമ്മീഷൻ നടപടി സ്വീകരിച്ചു വരുന്നതിനാൽ നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന രീതിയിൽ (Tappal/e-mail/e-vacancy) ഒഴിവുകൾ സ്വീകരിക്കുന്നത് 30.06.2019 വരെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ദീർഘിപ്പിച്ച വിവരം സൂചന 2,3,4 സർക്കുലറുകളിലൂടെ എല്ലാ വകുപ്പ മേധാവികളെയും/ നിയമനാധികാരികളെയും അറിയിച്ചിരുന്നു.

3. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള e-vacancy software സംവിധാനത്തിൽ 'ഡിജിറ്റൽ ഒപ്പ്' എന്നതിന് പകരം OTP സംവിധാനം ഉപയോഗിക്കുന്നത് സംബന്ധിച്ച് സോഫ്റ്റ്

വെയറിൽ പരിഷ്കാരം വരുത്തുന്നതിന്റെ ഭാഗമായുള്ള വ്യവസ്ഥകൾ ക്രോഡീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നതായി സൂചന 5 കത്ത് പ്രകാരം പബ്ളിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി അറിയിച്ചിരിക്കുന്നു. അതിനാൽ നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന രീതിയിൽ (Tappal/e mail/e vacancy) ഒഴിവുകൾ സ്വീകരിക്കുന്നത് 31.08.2019 വരെ പബ്ളിക് സർവ്വീസ് കമ്മീഷൻ ദീർഘിപ്പിച്ചിട്ടുണ്ടെന്ന വിവരം എല്ലാ വകുപ്പ മേധാവികളെയും/നിയമനാധികാരികളെയും അറിയിക്കുന്നു.

4. കൂടാതെ, ഒരു വകുപ്പിലെ എല്ലാ നിയമന അധികാരികളുടെയും Registered Mobile Number വകുപ്പ് മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും ഏതെങ്കിലും കാരണവശാൽ മൊബൈൽ നമ്പർ മാറുകയാണെങ്കിൽ ടി വിവരം കേരള പബ്ളിക് സർവ്വീസ് കമ്മീഷനെ അറിയിക്കേണ്ടതാണെന്നും, കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ e vacancy software മുഖേന ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്ന നടപടികൾ അടിയന്തരമായി പൂർത്തിയാക്കി ഒഴിവുകൾ e vacancy software മുഖേന പി.എസ്.സിയെ അറിയിക്കുവാനും എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകുന്നു.

5. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അതത് വകുപ്പ് സെക്രട്ടറിമാർ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

**ജി.കമലവർദ്ധന റാവു**
**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,
എല്ലാ സെക്ഷനുകൾക്കും ( കീഴിൽ വരുന്ന, പി.എസ്.സി. മുഖാന്തിരം നിയമനം നടക്കേണ്ടതായ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിക്കുന്നതിനായി)
എല്ലാ വകുപ്പ മേധാവികൾക്കും / നിയമനാധികാരികൾക്കും ജില്ലാ കളക്ടർമാർക്കും
ഗവർണ്ണറുടെ സെക്രട്ടറി (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ് ജനറൽ,കേരളം,എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്
www.pard.gov.in എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

dt. 16.08.19. സെക്ഷൻ ഓഫീസർ